# കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

RCS/3721/2020-EB(1)

തിരുവനന്തപുരം, തീയതി : 16.06.2021
website: www.cooperation.kerala.gov.in
e-mail: keralarcs@gmail.com

വിഷയം: കോവിഡ് 19 - വ്യാപനം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ - സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള ആഫീസുകളുടെ പ്രവർത്തനം - മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം: സർക്കാരിന്റെ 15.06.2021-ലെ ജി.ഒ(ആർ.റ്റി) നം. 467/2021/ ഡിഎംഡി നമ്പർ ഉത്തരവ്.

..........

കോവിഡ് 19 വ്യാപനം തടയുന്നതിന്റെ ഭാഗമായി സർക്കാർ ആഫീസുകളിൽ ജീവനക്കാരുടെ എണ്ണവും, സ്ഥല സൗകര്യവും, ആഫീസിന്റെ പ്രവർത്തന സ്വഭാവവും പരിഗണിച്ച് ഓരോ ആഫീസിലും ഹാജരാകേണ്ട ജീവനക്കാരുടെ എണ്ണം, ജൂൺ 17 മുതൽ പരമാവധി 25% ആക്കി പരിമിതപ്പെടുത്തണമെന്ന പരാമർശം ഉത്തരവനുസരിച്ച് ആഫീസ് പ്രവർത്തനം തടസ്സമില്ലാതെ നടക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ ആഫീസിലും, സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള മറ്റ് ആഫീസുകളിലും ഉദ്യോഗസ്ഥർ ഹാജരാകുന്നത് സംബന്ധിച്ച് ചുവടെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉത്തരവ്

കോവിഡ് 19 വ്യാപനം തടയുന്നതിന്റെ ഭാഗമായി പുതിയ നിർദ്ദേശം ഉണ്ടാകുന്നതുവരെ ജൂൺ 17 മുതൽ സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെയും, സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള

ഓഫീസുകളിലെയും ജീവനക്കാരുടെ ഹാജർനില 25% ആക്കി പരിമിതപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

ജൂൺ 17 മുതൽ ആഫീസ് പ്രവർത്തനങ്ങൾക്ക് തടസ്സം വരാത്ത രീതിയിൽ ജീവനക്കാരുടെ ഹാജർനില 25% ആക്കി ബന്ധപ്പെട്ട സെക്ഷൻ സൂപ്രണ്ടുമാർ ക്രമീകരിക്കേണ്ടതും, ഹാജർബുക്ക് രേഖപ്പെടുത്തലുകൾ വരുത്തി ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)-ന് സമർപ്പിക്കേണ്ടതുമാണ്.

സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ, ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ, സെക്ഷൻ സൂപ്രണ്ടുമാർ എന്നീ ഉദ്യോഗസ്ഥർ എല്ലാ പ്രവർത്തി ദിവസങ്ങളിലും ആഫീസിൽ ഹാജരാകേണ്ടതാണ്. അഡീഷണൽ രജിസ്ട്രാർ, ജോയിന്റ് രജിസ്ട്രാർ, ലോ ആഫീസർ, സീനിയർ ഫിനാൻസ് ആഫീസർ എന്നീ ഉദ്യോഗസ്ഥരുടെ കീഴിൽ പ്രവർത്തിക്കുന്ന കോൺഫിഡെൻഷ്യൽ അസിസ്റ്റന്റുമാർ, ആഫീസ് അറ്റൻഡന്റുമാർ എന്നിവർ ടി ഉദ്യോഗസ്ഥർ നിർദ്ദേശിക്കുന്ന ദിവസങ്ങളിൽ നിർബന്ധമായും ആഫീസിൽ ഹാജരാകേണ്ടതാണ്.

സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള എല്ലാ ജില്ലാ ആഫീസുകളിലെയും ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി രജിസ്ട്രാർ/ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ, ആഫീസ് സൂപ്രണ്ടുമാർ വരെയുള്ള ഉദ്യോഗസ്ഥർ എല്ലാ പ്രവർത്തി ദിവസങ്ങളിലും ആഫീസുകളിൽ ഹാജരാകേണ്ടതും, ആഫീസ് പ്രവർത്തനങ്ങൾക്ക് തടസ്സം വരാതെ മറ്റുള്ള ജീവനക്കാരുടെ ഹാജർനില 25%-ൽ അധികരിക്കാത്ത രീതിയിൽ ക്രമീകരിക്കേണ്ടതുമാണ്.

(ഒപ്പ്)
ഡി.കൃഷ്ണകുമാർ
അഡീഷണൽ രജിസ്ട്രാർ (ജനറൽ)

പകർപ്പ്:-

1) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്

2) ആഡിറ്റ് ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
3) എല്ലാ അഡീഷണൽ രജിസ്ട്രാർമാർക്കും,
4) എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
5) എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
6) ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം),
7) എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും,
8) സ്റ്റോക്ക് ഫയൽ/സ്പെയർ.

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.ബി)